**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 275** **26-10-2021 - ൽ മറുപടിയ്ക്ക്**

**കായികക്ഷമത മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി ജോയി,<br>ശ്രീമതി ദെലീമ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവരിൽ കായികക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി കായികക്ഷമത മിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളാണ് ഇതുവഴി നേടാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. എല്ലാ ജനങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിക്കൊടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ, കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാക്കുന്നതാണ്. കായിക അവബോധം സ്കൂൾ തലത്തിൽ തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്. കുട്ടികൾ അനാരോഗ്യശീലങ്ങൾക്ക് അടിമപ്പെടാതെ, അവരുടെ ആരോഗ്യം സംരക്ഷിക്കാനും മികച്ച ഒരു തലമുറയെ വാർത്തെടുക്കാനും ഇതു സഹായിക്കും. ഈ സാഹചര്യത്തിൽ കായിക വിദ്യാഭ്യാസം ചെറിയ ക്ലാസ്സുകളിൽ തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്. |
| (ബി) | സ്പോർട്സുമായി ബന്ധപ്പെട്ട ശാസ്ത്രശാഖകളിലെ കണ്ടുപിടുത്തങ്ങൾ കൂടി ഉപയോഗപ്പെടുത്തി കായിക മേഖലയെ മെച്ചപ്പെടുത്തുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്പോർട്സുമായി ബന്ധപ്പെട്ട ശാസ്ത്രശാഖകളിലെ കണ്ടുപിടുത്തങ്ങൾ കൂടി ഉപയോഗപ്പെടുത്തി കായിക മേഖലയെ മെച്ചപ്പെടുത്തുന്നതിന് ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യുക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ്. കായിക ക്ഷമത വളർത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ കുട്ടികളെ വിലയിരുത്തി മുന്നോട്ടു കൊണ്ടുവരുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20 ൽ ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തി. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് |

| | | | |
|---|---|---|---|
| | | | ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് മസ്സിൽ ബയോപ്സി ടെസ്റ്റ്. കായിക വിദ്യാർത്ഥികളുടെ ശരീരത്തിലെ മാംസപേശിയിൽ നിന്നും സാമ്പിൾ എടുത്ത് പരിശോധിച്ച് കായികപ്രകടനം സംബന്ധിയായ കായികക്ഷമത മനസിലാക്കുന്നതിനും അതിലൂടെ ഓരോ പ്രത്യേക വിദ്യാർത്ഥിക്കും പരിശീലനം നൽകി മികവുറ്റ കായിക താരങ്ങളാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. കുട്ടികളുടെ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനാവശ്യമായ ക്രയോസ്റ്റാറ്റ് ഉപകരണം വാങ്ങി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പരിശീലകർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന്റെ ഭാഗമായി വിവിധ കായികയിനങ്ങളിൽ റിഫ്രഷർ കോഴ്സുകൾ നൽകി വരുന്നുണ്ട്. സ്പോർട്സ് മെഡിസിൻ, സ്പോർട്സ് സൈക്കോളജി, ട്രെയിനിംഗ് മെത്തേഡ്സ് എന്നീ സ്പോർട്സ് സയൻസ് വിഷയങ്ങളിൽ ഇന്ത്യയിലെ വിദഗ്ധരെ ഉൾപ്പെടുത്തി എൽ.എൻ.സി.പി.ഇയിൽ വച്ച് പരിശീലകർക്ക് റിഫ്രഷർ കോഴ്സ് നൽകി വരുന്നുണ്ട്. കുന്നംകുളം, കണ്ണൂർ എന്നിവിടങ്ങളിൽ പുതിയ സ്പോർട്സ് മെഡിസിൻ സെന്ററുകൾ ഉടൻ പ്രവർത്തനം ആരംഭിക്കും. |
| (സി) | ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉണ്ട്. 2000-ലെ കേരള സ്പോർട്സ് ആക്ട് Chapter IVൽ കോർപ്പറേഷൻ, മുനിസിപ്പൽ, ഗ്രാമ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പുരോഗമിക്കുകയാണ്. താഴെത്തട്ടിൽ സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതോടെ സംസ്ഥാനത്താകെ കായിക പ്രവർത്തനങ്ങൾ സജീവമാക്കാനും വ്യാപകമാക്കാനും കഴിയും. |

സെക്ഷൻ ഓഫീസർ